ടെയിലറിംഗ്, കട്ടിംഗ് ആൻറ് ഗാർമെൻറ് മേക്കിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

412 [758] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും സ്വകാര്യമേഖലയിലേക്ക് അംഗീകാരം നൽകിയ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ എത്രയാണെന്നു വെളിപ്പെടുത്താമോ;

(ബി) ഇതിൽ ടെയിലറിംഗ്, കട്ടിംഗ് ആൻറ് ഗാർമെൻറ് മേക്കിംഗ് എന്നിവയ്ക്ക് ഉള്ള സ്ഥാപനങ്ങൾ എത്ര;

(സി) അവയുടെ ലിസ്റ്റ് മേശപ്പുറത്തു വെക്കുമോ?

ഉത്തരം

(എ) 60 (അറുപത്)

(ബി) 30 (മുപ്പത്)

(സി) പൂർണ്ണമായ വിവരം ലഭ്യമായതിനുശേഷം ലിസ്റ്റ് മേശപ്പുറത്തു വെക്കുന്നതാണ്.

ടോഷാദ്ധ്യാപകരുടെ സ്ഥലം മാറ്റം

413 [759] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തസ്തികയിൽ അഞ്ചുവർഷം സേവനമനുഷ്ഠിച്ച ശേഷം യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ ലഭിച്ച ഒരു ടോഷാദ്ധ്യാപകന് അതേ തസ്തികയിൽ മറെറാരു ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് നിയമതടസ്സമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ തടസ്സം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ സ്ഥലം മാറ്റം നൽകാൻ നിർദ്ദേശിച്ചുകൊണ്ടുള്ള കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) സർവ്വീസിനേറെയും യോഗ്യതയുടേയും വെളിച്ചത്തിൽ പ്രമോഷൻ ലഭിച്ചിട്ടുള്ള ടോഷാദ്ധ്യാപകർക്ക് അതേ തസ്തികയിൽ ഇതര ജില്ലകളിൽ സ്ഥലം മാറ്റം ലഭിക്കാനനുവാദം നൽകുന്ന ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) മാരാളുടെ കേസിൽ കോടതി വിധി ഉണ്ടായിട്ടുണ്ട്.

(ഡി) പരിശോധിച്ചുകൊണ്ടിരിക്കുകയാണ്:

LIBRARY ARCHIVES Kerala Legislative Assembly